

# Jubilet

Jubilee Mission Medical College & Research Institute Since 1951 Vol. 11 Issue 3 March 2025

# Content
# ഉള്ളടക്കം


THANK YOU 23

RESEARCH WINGS JOURNAL CLUB 22

Welcome TO JUBILEE FAMILY 21

ആത്മീയ നവീകരണത്തിന്റെ നോമ്പുകാലം ........ 01

ഏകാരോഗ്യം ........ 04

വായിക്കാൻ വളരാൻ ബുക്ക് എക്സിബിഷൻ ........ 06

TIVA CME 2025 ........ 09

ആദരിക്കാൻ ഒരു രോഗീ ദിനം ........ 10

ഗവേഷണ സഹകരണം ........ 12

ഡോ. സി. ഡൊണാറ്റ ആയുർവേദ ഡോക്ടറായ ആദ്യ കന്യാസ്ത്രീ ........ 20

ജൂബിലിയിൽ RFID സംവിധാനം ........ 21

തണുപ്പിക്കാം! ഈ ചൂടുകാലം! ........ 28

DOCTOR'S CORNER Interventional Radiology 12

നമുക്കിടയിൽ പുകവലി വിമോചന കേന്ദ്രം 22



# ആത്മീയ നവീകരണത്തിന്റെ നോമ്പുകാലം

ലോകമെമ്പാടുമുള്ള നിരവധി ക്രിസ്ത്യാനികൾക്ക് ധ്യാനത്തിന്റെയും, പശ്ചാത്താപത്തിന്റെയും, ആത്മീയ നവീകരണത്തിന്റെയും സമയമാണ് നോമ്പുകാലം. ഈ വർഷം മാർച്ച് 3 ന് വിഭൂതിയോടുകൂടിയാണ് നോമ്പുകാലം ആരംഭിച്ചത്. നമ്മുടെ മരണത്തിന്റെ ഗൗരവമേറിയ ഓർമ്മപ്പെടുത്തലും, ഈസ്റ്ററിലേക്കുള്ള യാത്രയ്ക്കായി നാം തയ്യാറെടുക്കുമ്പോൾ എളിമയിലേക്കുള്ള ആഹ്വാനവുമാണ് വിഭൂതി. ഈ ദിവസം, ക്രിസ്ത്യാനികൾ അവരുടെ നെറ്റിയിൽ ചാരം, ഒരു കുരിശിന്റെ രൂപത്തിൽ പൂശുന്നു. മാനസാന്തരത്തിന്റെ പ്രതീകമായും ''നിങ്ങൾ പൊടിയിൽ നിന്ന് വന്നു, പൊടിയിലേക്ക് തന്നെ മടങ്ങും'' എന്ന ഓർമ്മപ്പെടുത്തലായും ഇത് സ്വീകരിക്കുന്നു.

നോമ്പുകാലം ഉള്ളിലേക്ക് നോക്കാനും നമ്മുടെ ജീവിതത്തെയും, പ്രവൃത്തികളെയും, ബന്ധങ്ങളെയും പരിശോധിക്കാനും, നോമ്പിന്റെ അടുത്ത 50 ദിവസങ്ങളിൽ സ്വയം താഴ്ത്താനും, നമ്മുടെ പോരായ്മകൾ അംഗീകരിക്കാനും, വളർച്ചയ്ക്കും പരിവർത്തനത്തിനുംഉള്ള ഒരു ക്ഷണമാണ്. പ്രാർത്ഥനയിലൂടെയും, ഉപവാസത്തിലൂടെയും, ദാനധർമ്മത്തിലൂടെയും ഈ നോമ്പുകാലം നമ്മുടെ വിശ്വാസം ആഴപ്പെടുത്തുവാനും യേശു

വിന്റെ പഠിപ്പിക്കലുകൾ ജീവിക്കാനുള്ള നമ്മുടെ പ്രതിബദ്ധത പുതുക്കാനും നമ്മെ ക്ഷണിക്കുന്നു.

എല്ലാ വർഷവും മാർച്ച് 8 ന്, ലോകം അന്താരാഷ്ട്ര വനിതാ ദിനം ആഘോഷിക്കുന്നു. സ്ത്രീകളുടെ നേട്ടങ്ങളെ ബഹുമാനിക്കുന്നതിനും അവരുടെ പോരാട്ടങ്ങൾ തിരിച്ചറിയുന്നതിനും ലിംഗസമത്വത്തിന് വേണ്ടി വാദിക്കുന്നതിനുമായി സമർപ്പിച്ചി



രിക്കുന്ന ഒരു ദിനം. കൈവരിച്ച പുരോഗതിയെ പ്രതിഫലിപ്പിക്കാനും അവശേഷിക്കുന്ന വെല്ലുവിളികൾ അംഗീകരിക്കാനും കൂടുതൽ ഉൾക്കൊള്ളുവാനും തുല്യവുമായ ലോകത്തിലേക്കുള്ള പ്രവർത്തനത്തിന് പ്രചോദനം നൽകുന്നതുമായ ദിവസമാണിത്.

2025-ലെ വനിതാ ദിനത്തിന്റെ ആപ്തവാക്യം തന്നെ, സ്ത്രീകളെ ശാക്തീകരിക്കുക, മാനവികതയെ ശാക്തീകരിക്കുക എന്നതാണ്. ജീവിതത്തിന്റെ എല്ലാ മേഖലകളിലും-വിദ്യാഭ്യാസം, ആരോഗ്യം, രാഷ്ട്രീയം, ജോലിസ്ഥലം എന്നിങ്ങനെ എല്ലാ മേഖലകളിലും സ്ത്രീകളെ ശാക്തീകരിക്കുന്നതിന്റെ പ്രാധാന്യം ഇത് എടുത്തുകാണിക്കുന്നു. തൃശ്ശൂർ ജില്ലയിൽ ഏറ്റവും കൂടുതൽ വനിതകൾ ജോലി ചെയ്യുന്ന ഒരു സ്ഥാപനമാണ് ജൂബിലി മിഷൻ ആശുപത്രി (2579 പേർ). എല്ലാ സ്ത്രീകൾക്കും സന്തോഷത്തിന്റെയും സമാധാനത്തിന്റെയും ഒരു വനിതാ ദിനം ആശംസിക്കുന്നു! ഒപ്പം വിശുദ്ധമായ ഒരു നോമ്പുകാലവും ആശംസിക്കുന്നു.

**ഫാ. ഡെമിൻ തറയിൽ**
അസിസ്റ്റന്റ് ഡയറക്ടർ




# ഏകാരോഗ്യം

## ധാരണാപത്രം കൈമാറി വെറ്ററിനറി സർവകലാശാലയും ജൂബിലി മിഷൻ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും







കേരള വെറ്ററിനറി ആൻഡ് ആനിമൽ സയൻസ് സർവ്വകലാശാലയും ജൂബിലി മിഷൻ മെഡിക്കൽ കോളേജ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും തമ്മിൽ ‘ഏകാരോഗ്യം’ എന്ന ആശയത്തിലൂന്നിയുള്ള ഗവേഷണ പ്രവർത്തനങ്ങളിൽ ഒത്തുചേർന്ന് പ്രവർത്തിക്കാൻ ധാരണയായി.

ധാരണാപത്രം ഒപ്പിടുന്ന ചടങ്ങിൽ സർവ്വകലാശാല വൈസ് ചാൻസലർ ഡോ. കെ. എസ്. അനിൽ, അക്കാദമിക് റിസർച്ച് ഡയറക്ടർ ഡോ. സി. ലത, ഡീൻ ഡോ. രാജ്കുമാർ, ജൂബിലി മിഷൻ മെഡിക്കൽ കോളേജ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ, ഡോ. എം.എ. ആൻഡ്രൂസ്, ഡോ. പദ്മകുമാർ, ഡോ. പി.ആർ. വർഗീസ്, ഫാ. ടെറിൻ മുള്ളക്കര, ഡോ. ചിത്ര വൽസൻ, വെറ്ററിനറി സർവകലാശാല നാഷണൽ ഇന്റർനാഷണൽ കൊളാബറേഷൻ നോഡൽ ഓഫീസർ ഡോ. എസ്. അനൂപ്, ഡോ. ദീപ ജോളി, ഡോ. വൃദ്ധ മേനോൻ, ഡോ. സേതുലക്ഷ്മി എന്നിവർ പങ്കെടുത്തു.







# വായിക്കാൻ വളരാൻ

## ബുക്ക് എക്സിബിഷൻ

ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ മിനർവ ബുക്ക്സ് ഫെബ്രുവരി 27, 28, മാർച്ച് 1 തീയതികളിൽ ബുക്ക് എക്സിബിഷൻ നടത്തുകയുണ്ടായി. ബി ബ്ലോക്കിലെ ഓൾഡ് സിസിഎം ഹാളിൽ രാവിലെ 9 മണി മുതൽ വൈകുന്നേരം 5 .30 വരെയാണ് പുസ്തക പ്രദർശനം ഉണ്ടായിരുന്നത്. മെഡിസിൻ ബുക്സിന് പുറമേ ദന്തൽ, നഴ്സിംഗ് തുടങ്ങി വിവിധ വിഭാഗത്തിൽപ്പെട്ട പുതിയ എഡിഷൻ ബുക്കുകളും ഉണ്ടായിരുന്നു. മെഡിക്കൽ സ്റ്റുഡന്റ്സ്, നഴ്സിംഗ് സ്റ്റുഡന്റ്സ്, ഡോക്ടർസ് എന്നിവർ ഈ പ്രദർശന വേളയിൽ പങ്കെടുത്തു. ലൈബ്രറി സ്റ്റാഫിന്റെ സാന്നിധ്യവും ഉണ്ടായിരുന്നു.

# Congratulations!



തിരുവനന്തപുരത്ത് വച്ച് നടന്ന കേരള ഹോക്കി സംസ്ഥാന മാസ്റ്റേഴ്സ് ടൂർണ്ണമെന്റിൽ വനിതാ വിഭാഗത്തിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കിയ തൃശ്ശൂർ ഹോക്കി ടീമംഗവും തൃശ്ശൂർ ജൂബിലി മിഷൻ ആശുപത്രിയിലെ കാന്റീൻ സ്റ്റാഫുമായ നീതു സി.ജെ.യ്ക്ക് ജൂബിലി കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

---



വേൾഡ് ട്രയാത്‌ലോൺ കോർപ്പറേഷൻ ഒമാനിലെ മസ്കറ്റിൽ സംഘടിപ്പിച്ച അയൺമാൻ 70.3 ട്രയാത്‌ലോൺ മത്സരം പൂർത്തീകരിച്ച് തുടർച്ചയായി മൂന്നാം തവണയും അയൺമാൻ കിരീടം നേടുകയും നീന്തൽ, സൈക്ലിങ്ങ് എന്നീ ഇനങ്ങൾ വേഗത്തിൽ പൂർത്തീകരിക്കുകയും ചെയ്ത ചാൾസ് പിന്റോ വിഭാഗത്തിലെ അസിസ്റ്റന്റ് പ്രൊഫസർ ഡോ. വരുൺ പി. മേനോന് ജൂബിലി കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

---





സംസ്ഥാനത്തെ മുൻനിര ഗവേഷകരേയും അക്കാദമിഷ്യനുകളേയും സമന്വയിപ്പിച്ചുകൊണ്ട് നടത്തിയ 37-ാമത് കേരള ശാസ്ത്ര കോൺഗ്രസ്സിൽ തൃശൂർ ജൂബിലി സെന്റർ ഫോർ മെഡിക്കൽ റിസേർച്ചിലെ ഡോ. രമ്യ ചന്ദ്രന് ജീവശാസ്ത്ര സയന്റിസ്റ്റ് വിഭാഗത്തിൽ മികച്ച പേപ്പർ അവാർഡും ഡോ. സരിത ഫ്രാൻസിസിന് ആരോഗ്യശാസ്ത്ര സയന്റിസ്റ്റ് വിഭാഗത്തിൽ മികച്ച പോസ്റ്റർ അവാർഡും ലഭിച്ചു. ശാസ്ത്ര കോൺഗ്രസ്സിനോടനുബന്ധിച്ച് നടത്തിയ സയൻസ് എക്സ്പോയിൽ ജൂബിലി സെന്റർ ഫോർ മെഡിക്കൽ റിസേർച്ച് അവതരിപ്പിച്ച സ്റ്റാളിന് പ്രത്യേക അനുമോദന പുരസ്ക്കാരവും ലഭിച്ചു.






# TIVA

## TOTAL INTRA VENOUS ANAESTHESIA - CME 2025





ജൂബിലി മിഷൻ അനസ്തേഷ്യ ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ അക്കാഡമിക് ഇനിഷിയേറ്റീവിന്റെ ഭാഗമായി ഫാക്കൽറ്റി വിഭാഗത്തിനും പി. ജി. വിദ്യാർത്ഥികൾക്കുമായി 2025 ജനുവരി അഞ്ചാം തീയതി ജൂബിലി അനസ്തീഷ്യ Insight CME on Total Intra Venous Anaesthesia (TIVA) 2025 സംഘടിപ്പിച്ചു. ബാംഗ്ലൂർ ആസ്റ്ററിലെ സീനിയർ കൺസൾട്ടന്റ് ഡോ. സുബ്രമണ്യം മഹാൻകലി, ബാംഗ്ലൂർ ആസ്റ്ററിലെ ന്യൂറോ അനസ്തീഷ്യ ചീഫ് ഡോ. ധീരജ് മസാപു, പോണ്ടിച്ചേരി JIPMERലെ അനസ്തേഷ്യ HOD ഡോ. പ്രസന്ന ബിസ്കാർ, കൊച്ചി ആസ്റ്ററിലെ ന്യൂറോ അനസ്തേഷ്യ & ക്രിട്ടിക്കൽ കെയർ ചീഫ് ഡോ. ജിതേന്ദ്ര ടി., ചെന്നൈയിലെ പീഡിയാട്രിക് അനസ്തെറ്റിസ്റ്റും സീനിയർ കൺസൾട്ടന്റുമായ ഡോ. രമേഷ് എസ്. എന്നിവരാണ് CMEയുടെ വിവിധ സെഷനുകൾ നയിച്ചത്.



TIVA ടെക്നിക്കുകൾ പഠിക്കാനും അനസ്തേഷ്യയിലെ പരിശീലനം വർദ്ധിപ്പിക്കാനും ഈ വർക്ക്ഷോപ്പ് ഉതകുന്നതായിരുന്നു. ജൂബിലി അനസ്തേഷ്യ വിഭാഗം എച്ച്. ഒ. ഡി. പ്രൊഫസർ ഡോ. മറിയം കോശി, പരിപാടിയുടെ ഓർഗനൈസിങ്ങ് ചെയർപേഴ്സണായും കൺസൾട്ടന്റ് ഡോ. സ്മിത തോമസ് ഓർഗനൈസിങ്ങ് സെക്രട്ടറിയായും പ്രൊഫസർ ഡോ. ഡേവിസ് സി. വി. അക്കാഡമിക് ഡയറക്ടറായും പ്രവർത്തിച്ചു.




ലോക രോഗീദിനത്തോടനുബന്ധിച്ച് തൃശ്ശൂർ അതിരൂപതയുടെ കാത്തലിക് നേഴ്സസ് ഗിൽഡിന്റെ (CNGAT) നേതൃത്വത്തിൽ രോഗീദിനം സമുചിതമായി ആചരിച്ചു. അതിരൂപതാ ഡയറക്ടർ ഫാ. ജോയ്സൺ ചെറുവത്തൂരിന്റെ നേതൃത്വത്തിൽ രോഗികൾക്കുവേണ്ടി പ്രത്യേക പ്രാർത്ഥനകൾ നടത്തി. ആശ്വാസവചനങ്ങളടങ്ങിയ കാർഡുകളും മധുരപലഹാരങ്ങളും വിതരണം ചെയ്ത്, ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ഹോസ്പിറ്റലിലെ 1500-ഓളം വരുന്ന രോഗികളെ ആദരിച്ചു.




# ഗവേഷണ സഹകരണം

## ചർച്ച നടത്തി വിർജീനിയ യൂണിവേഴ്സിറ്റിയും ജൂബിലി മിഷനും

ടി.ബി., എച്ച്.ഐ.വി. രോഗങ്ങളുടെ പ്രമുഖ ഗവേഷകയും യൂണിവേഴ്സിറ്റി ഓഫ് വിർജീനിയായിലെ അസോസിയേറ്റ് പ്രൊഫസറുമായ ഡോ. ടാനിയ എ. തോമസ് ജൂബിലി മിഷൻ ആശുപത്രിയിൽ സന്ദർശനത്തിനായി എത്തി. കുട്ടികളിലെ ടി. ബി. രോഗനിർണ്ണയത്തിനും ചികിത്സയ്ക്കുമായി ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്ന ഡോ. ടാനിയ ജൂബിലി മിഷൻ ഗവേഷണവിഭാഗവുമായി സഹകരണത്തിനായി ചർച്ച നടത്തി.

ജൂബിലി കോളേജ് ഓഫ് നേഴ്സിങ്ങിലെ വിദ്യാർത്ഥികളുമായി സംവദിച്ച അവർ ആഗോള ആരോഗ്യപ്രശ്നങ്ങളെക്കുറിച്ചും ഗവേഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവത്കരിച്ചു. കുട്ടികളിലെ സാധ്യതകളെക്കുറിച്ച് അവർ വിദ്യാർത്ഥികളുമായി ചർച്ച നടത്തി.

ജൂബിലി മിഷൻ ആശുപത്രിയുടെ ആധുനിക ഗവേഷണ സൗകര്യങ്ങൾ ഡോ. ടാനിയ നേരിൽ കണ്ടു. യൂണിവേഴ്സിറ്റി ഓഫ് വിർജീനിയയിലെ റേഡിയോളജി, മെഡിക്കൽ ഇമേജിങ്ങ് വിഭാഗത്തിലെ ഡോ. തോമസ് ജെ. എലുവത്തിങ്കൽ മുട്ടിക്കലും ഈ സന്ദർശനത്തിൽ പങ്കാളിയായി. ആഗോള ആരോഗ്യ ഗവേഷണ മേഖലയിൽ ജൂബിലിയുടെ മികച്ച പ്രവർത്തനം ഡോ. ടാനിയ എടുത്തു പറഞ്ഞു.







# JOURNAL CLUB

JCMR organised the 79th Journal Club Meeting on 19th February, Wednesday at New CCM hall. The speaker on the occasion ws Dr. Saji K G, Scientist B, from the Cytogenetics and Molecular Biology Laboratory, JCMR. The topic was based on an article titled "Functional pathogenicity of ESRRB variant of uncertain significance contributes to hearing loss (DFNB35)". Scientific Reports|(2024) 14:21215 https://doi.org/10.1038/s41598-024-70795-8.

The article conveys the importance of functional pathogenicity study in understanding the genetic basis of sensorineural hearing loss. Dr. D M Vasudevan, Dr. P R Varghese and Dr. Dileep Vijayan participated in the discussion. Dr. Mathew John welcomed the gathering and Dr. Saritha Francis delivered vote of thanks.



# ഡോ. സി. ഡൊണാറ്റ ആയുർവേദ ഡോക്ടറായ് ആദ്യ കന്യാസ്ത്രീ

രോഗികളെ പരിശോധിക്കൽ, മരുന്ന് കുറിക്കൽ, മരുന്നു ഗവേഷണം എൺപതാം വയസ്സിലും ഇന്ത്യയിലെ ആദ്യ ആയുർവേദ ഡോക്ടറായ കന്യാസ്ത്രീ ഡോ. സിസ്റ്റർ ഡൊണാറ്റ തിരക്കിലാണ് രാമവർമ്മപുരത്ത് തൃശൂർ ജൂബിലി മിഷൻ ആശുപത്രി ആയുർവേദ വിഭാഗത്തിന്റെ ചുമതലക്കാരിയാണ് ഡോ. സിസ്റ്റർ ഡൊണാറ്റ.

കോവിഡ് കാലത്ത് ഡോ. ഡൊണാറ്റയുടെ ഗവേഷണത്തിലൂടെ തയ്യാറാക്കിയ ഔഷധച്ചായയായ 'ഡോണ ടീ' നിരവധി രോഗികൾക്കാണ് ആശ്വാസമായത്. ചുക്ക്, കുരുമുളക്, വെളുത്തുള്ളി, കറുവപ്പട്ട, കുടംപുളി, തുളസി, ആടലോടകം, പനിക്കൂർക്ക, മാവ്, പേര, കറിവേപ്പ്, തേയിലപ്പൊടി, ശർക്കര എന്നിവയെല്ലാം ചേർത്ത് തിളപ്പിച്ചാണ് ഡോണ ടീ ഒരുക്കിയത്. ഡോണ ടീ കുടിച്ച കോവിഡ് രോഗികളിലടക്കം പഠനം നടത്താൻ ജൂബിലിമിഷൻ ആശുപത്രിയിലെ ഗവേഷണ വിഭാഗം പ്രൊജക്ടും തയ്യാറാക്കി.

എയ്ഡ്സ്, കാൻസർ രോഗികളിൽ രാസായന ചികിത്സ നടത്തിയിരുന്നു. രോഗത്തിന്റെ കാഠിന്യം കുറയ്ക്കാനും റേഡിയേഷന്റെ പാർശ്വഫലം കുറയ്ക്കാനും ച്യവനപ്രാശങ്ങളിലൂടെയും മറ്റും കഴിഞ്ഞുവെന്ന് ഡോക്ടർ പറയുന്നു. നാല് പതിറ്റാണ്ടായി രസായന ഔഷധം കഴിക്കുന്ന എയ്ഡ്സ് രോഗിയും കൂട്ടത്തിലുണ്ട്. പുതിയ കോശങ്ങളുടെ  നിർമ്മാണം അതിവേഗത്തിലാക്കാനുള്ള രസായനങ്ങളുടെ കഴിവിനെക്കുറിച്ച് കൂടുതൽ ഗവേഷണം വേണമെന്നും സിസ്റ്റർ പറയുന്നു.

## ആയുർവേദ പഠനത്തെ തുണച്ച സംസ്കൃതം

മൂണ്ടൂർ ആറംപിള്ളിയിലെ ക്രൈസ്തവകുടുംബമായ പുത്തൂർ വീട്ടിലാണ് ജനിച്ചതെങ്കിലും സ്കൂളിൽ സംസ്കൃതം പഠിച്ചതാണ് ആയുർവേദ പഠനത്തിന് തുണയായതെന്ന് സിസ്റ്റർ പറയുന്നു. സിസ്റ്റേഴ്സ് ഓഫ് ചാരിറ്റിയിൽ കന്യാസ്ത്രീയായ ശേഷം ആയുർവേദം പഠിക്കാൻ താൽപര്യമുണ്ടോയെന്ന് മദർ സുപ്പീരിയറാണ് ചോദിച്ചത്. ആയുർവേദത്തോടുള്ള ഇഷ്ടം കാരണം തൃപ്പൂണിത്തുറ ഗവ. ആയുർവേദ കോളേജിൽ ഡി.എ.എമ്മിന് ചേർന്നു. ആദ്യവർഷം റാങ്ക് നേടിയ ശേഷം തിരുവനന്തപുരം ഗവ. ആയുർവേദ കോളേജിൽ നിന്ന് ബി.എ.എമ്മിന് ചേർന്നു. ആദ്യ മൂന്ന് വർഷവും റാങ്ക് നേടി.

തുടർന്ന് പഞ്ച കർമ്മയിൽ എം.ഡി. പാസായി. അമല മെഡിക്കൽ കോളേജ്, ഹിമാചലിലെ ഗഢുവാൾ, പാലക്കാട് പാലന എന്നിവിടങ്ങളിൽ സേവനമനുഷ്ഠിച്ചു. 10 വർഷത്തോളമായി ജൂബിലിയിലാണ്. എ.എം.എ.ഐ. പൂമുള്ളി സ്മാരകം, തൃശൂർ അതിരൂപത എന്നിവയുടെ പുരസ്കാരങ്ങൾ തേടിയെത്തി.




# Interventional RADIOLOGY

Interventional Radiology is a highly specialized field within radiology that focuses on minimally invasive, image-guided treatments. Interventional radiologists are experts in using advanced imaging techniques such as X-rays, CT scans, and ultrasounds to diagnose and treat a wide range of conditions across various organ systems. By utilizing small incisions and precise instruments like catheters, wires, and stents, these physicians can effectively treat diseases with minimal risk and recovery time compared to traditional surgery.

Interventional Radiology procedures can also include non-vascular interventions such as biopsies and the drainage of infected fluid collections. One of the critical areas where IR plays a pivotal role is in image-guided cancer therapy, including thermal ablation.

## BENEFITS OF INTERVENTIONAL RADIOLOGY

Interventional radiology (IR) is a cutting-edge medical specialty that utilizes imaging guidance, such as X-rays, CT scans, MRI, and ultrasound, to perform minimally invasive procedures. Compared to traditional surgical methods, IR offers numerous advantages that enhance patient safety, comfort, and recovery.

### 1. REDUCED RISK COMPARED TO CONVENTIONAL SURGERY

One of the key benefits of interventional radiology is its significantly lower risk profile compared to conventional surgery. Traditional surgical procedures often require large incisions, leading to a higher risk of complications such as



infections, excessive bleeding, and damage to surrounding tissues. IR procedures, on the other hand, involve tiny incisions through which specialized instruments, such as catheters and needles, are inserted to treat the affected area with precision. By minimizing trauma to the body, IR reduces the chances of surgical-site infections, blood loss, and other postoperative complications, making it a safer alternative for many patients.

## 2. MINIMAL PAIN DUE TO SMALLER INCISIONS

Because interventional radiology relies on small incisions or needle punctures rather than large surgical cuts, patients experience significantly less pain both during and after the procedure. The minimally invasive nature of IR means that there is less disruption to muscles, nerves, and surrounding tissues, leading to a more comfortable experience for the patient. Additionally, many IR procedures eliminate the need for sutures, which further reduces discomfort and speeds up the healing process.



## 3. SHORTER RECOVERY TIME AND HOSPITAL STAYS

Compared to traditional surgery, which may require weeks or even months of recovery, IR procedures typically allow patients to heal much faster. The small incisions used in IR result in less tissue damage, reducing inflammation and accelerating the body's natural healing process. Many IR procedures are performed on an outpatient basis, meaning patients can go home the same day without requiring prolonged hospital stays. Even when hospitalization is necessary, it is usually much shorter than after conventional surgery, helping patients return to their normal activities more quickly while also reducing healthcare costs.

## 4. MOST PROCEDURES ARE PERFORMED UNDER LOCAL ANAESTHESIA

Another advantage of interventional radiology is that most procedures are performed using local Anaesthesia rather than general Anaesthesia. General Anaesthesia carries certain risks, including allergic reactions, respiratory complications, and prolonged recovery from sedation. Local Anaesthesia, however, numbs only the area being treated while allowing the patient to remain awake and alert. This approach not only makes the procedure safer, particularly for elderly or high-risk patients, but also reduces the time required for recovery, as patients do not experience the grogginess and side effects associated with general Anaesthesia.



Interventional radiology continues to revolutionize modern medicine by offering minimally invasive, highly effective alternatives to traditional surgery. With reduced risks, minimal pain, faster recovery, and the use of local Anaesthesia, IR is an ideal choice for many patients requiring precise and efficient treatment.

## Key Services in the Interventional Radiology Department:

## Interventional Radiology procedures:

### NEURO/NEURO SURGICAL

- Acute stroke – Mechanical Thrombectomy
- Sub arachnoid hemorrhage due to ruptured blood vessels – aneurysm coiling and flow diverter placement.
- Arterio venous malformations gluing
- Pre operative embolisations of tumours
- Carotid artery angioplasty / stenting
- Dural Arterio venous fistula embolisation
- Carotico cavernous fistula
- CT cisternography

### AORTA

- Aortic stent grafting for ruptured and unruptured thoracic and abdominal aortic anuerysms
- Stent grafting in dissection

### PERIPHERAL VASCULAR INTERVENTIONS

- Critical limb ischemia – angioplasty and stenting of the affected vessels (iliac, femoro – popliteal and below knee arteries)
- Acute limb ischemia – thrombolysis
- Embolisation of AVM
- Embolisation of Pseudoaneurysms

### VENOUS INTERVENTION

- Deep vein thrombosis – IVC filter placement and pharmaco mechanical thrombectomy and stenting of veins
- May Thurner Syndrome – angioplasty and stenting of iliac veins
- Laser/ microwave ablation/ gluing of varicose veins
- Central vein angioplasty and stenting

### PULMONARY

- Hemoptysis – bronchial artery embolizations.
- Pulmonary AVM and Rasmussen's artery embolisations

- Trachel stenting
- Ablation of lung lesions

## GASTROENTEROLOGY

- Trans arterial chemo embolisation of liver tumour
- Ablations of liver tumours
- PTBD (biliary drainage) and stenting
- Portal vein embolisation
- TIPSS (trans jugular intraheaptic porto sytemic shunt)
- DIPPS (Direct intraheptic porto- systemic shunt)
- Trans jugular liver biopsy.
- Hepatic vein stenting
- Bleeding gastric varices embolisation BARTO, PARTO, CARTO
- Chronic Mesentric Ischemia – celiac artery / mesentric artery angioplasty and stenting.
- Post trauma pseuoaneurysm / bleeder embolization
- Visceral arterial aneurysm /pseudoaneurysm embolizations.
- Haemorroids embolisation

## NEPHROLOGY/UROLOGY

- Renal AV fistula and pseudoaneurysm embolisation
- Renal tumour embolization /ablations.
- AV fistuloplasty
- Central vein stenosis – angioplasty and stenting
- Permcath placement – chronic tunneled hemodialysis catheter placement.
- Percutaneous nephrostomy (PCN) placement.
- Antegrade urteric stenting



- Prostatic artery embolization for BPH
- Varicocele embolisation

**GYNAECOLOGY**

- Uterine fibroid embolisation
- Uterine AVM embolisation
- Fallopian tube recanalisation

**ENT**

- Pre operative embolisation of vascular tumours
- Epistaxis – embolisation of internal maxillary artery.

**OPHTHALMOLOGY**

- Carotico cavernous fistula embolisation
- Intra arterial chemoinfusion for retinoblastoma

**ORTHOPEDICS**

- Spinal tumour / hemangioma preoperative embolisation
- Post trauma pseudoaneurysm embolization
- Vertebroplasty and kyphoplasty.
- Ablation of osteoid osteoma
- Embolisation of aneurysmal bone cyst
- Geniculate artery embolization
- Sclerotherapy of soft tissue hemangiomas
- Vertebral biopsies

**ONCOLOGY**

- PICC line / Central line / Chemo port insertion

With its advanced technology and minimally invasive techniques, Interventional Radiology provides a modern approach to treatment, offering faster recovery and better outcomes for patients.

**Dr. Jijoe John**
Interventional Radiologist



# ജൂബിലിയിൽ
# ആർ എഫ് ഐ ഡി
# ബ്ലഡ് ബാഗ് സംവിധാനം

രക്തദാതാവിന്റെയും സ്വീകർത്താവിന്റെയും സുരക്ഷ യുറപ്പാക്കാൻ റേഡിയോ ഫ്രീക്വൻസി ഐഡന്റിഫിക്കേഷൻ (ആർഎഫ്ഐഡി) ബ്ലഡ് ബാഗ് സാങ്കേതികവിദ്യ ജൂബിലി മിഷൻ ആശുപത്രിയിൽ ട്രാൻഫ്യൂഷൻ മെഡിസിൻ വിഭാഗത്തിൽ ആരംഭിച്ചു. ഇത്തരം സാങ്കേതികവിദ്യയിൽ പ്രവർത്തിക്കുന്ന (ബയോലോഗ് ഐഡി) കേരളത്തിലെ ആദ്യ ആശുപത്രിയാണു ജൂബിലി. രക്തം ശേഖരിക്കുന്നതുമുതൽ രോഗിക്കു നൽകുന്നതുവരെ ആർഎഫ്ഐഡി ടാഗുകൾ ഉപയോഗിക്കും.രക്ത യൂണിറ്റുകളെ തിരിച്ചറിയാനും അപകട സാധ്യത കുറയ്ക്കാനും ഓരോ യൂണിറ്റും ശരിയായി കൈകാര്യം ചെയ്യുന്നുണ്ടെന്ന് ഉറപ്പാക്കാനും കഴിയും.



രക്തസ്വീകരണത്തിലൂടെ ഉണ്ടായേക്കാവുന്ന ട്രാൻസ്ഫ്യൂഷൻ റിയാക്ഷൻസ് നിരീക്ഷിക്കാനും ഓപ്റ്റിമം സ്റ്റോക്ക് ലെവൽ നില നിർത്താനും രക്തബാഗുകൾ കാലഹരണപ്പെടുന്നതു കുറയ്ക്കാനും ഇതു സഹായിക്കും. രക്തദാനം മുതൽ ബ്ലഡ് ട്രാൻഫ്യൂഷൻ വരെയുള്ള രക്തത്തിന്റെ പൂർണമായ ട്രാക്കിംഗ് മൂലം സുതാര്യത വർദ്ധിക്കും.

ആർഎഫ്ഐഡി സംവിധാനത്തിലൂടെ ബ്ലഡ് സെന്ററിന്റെ കാര്യക്ഷമതയും കൃത്യതയും സുരക്ഷയും മെച്ചപ്പെടുത്താൻ സഹായിക്കുമെന്നു ലാബ് ഡയറക്ടർ ഡോ. സുശീല ജേക്കബ് അഭിപ്രായപ്പെട്ടു. എം. ഡി. ട്രാൻഫ്യൂഷൻ മെഡിസിൻ കോഴ്സ് നൽകുന്ന കേരളത്തിലെ ഏക സ്വാശ്രയ മെഡിക്കൽ കോളേജാണു ജൂബിലി മിഷൻ മെഡിക്കൽ കോളേജ്.

---

## Congratulations!



25-ാമത് ആനുവൽ കോൺഫറൻസ് ഓഫ് ദി ഇന്ത്യൻ സൊസൈറ്റി ഓഫ് വാസ്കുലാർ ആന്റ് ഇന്റർവെൻഷണൽ റേഡിയോളജി (ISVIR '25) യിൽ റേഡിയോളജി ക്വിസ് കോമ്പറ്റീഷനിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ രണ്ടാം വർഷ റേഡിയോളജി റസിഡന്റ് ഡോ. റസിയ മുഹമ്മദിന് ജൂബിലി കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

# Welcome
## TO JUBILEE FAMILY

| | |
|---|---|
| Dr. Seethal P | Critical Care Medicine |
| Dr. Anu Mathew | Anaesthesia |
| Dr. Ajay Kurian K. | Anaesthesia |
| Dr. Sruthy S. Nair | Urology |
| Dr. Keerthy M. Nair | Urology |
| Ms. Liya Varghese | Pharmacy |
| Mrs. Aniya Shaji | Pharmacy |
| Mrs. Alveena Rose C. V. | Pharmacy |
| Ms. Devika T. G. | Anaesthesia |
| Ms. Sreeganga C. V. | Pulmonology |
| Sr. Merin Manjaly (Sinimol M.) | MC Pathology |
| Mrs. Rajitha M. P. | Canteen |
| Mrs. Elby Babu | Auxiliary Nursing |
| Mrs. Merfy Maria V. Martin | Auxiliary Nursing |
| Ms. Mariya Mathew | Vascular Surgery |
| Ms. Liya Jaison | Dialysis |

## Nursing

| | |
|---|---|
| Mrs. Christy Varghese T. | Mrs. Jisna Shaju |
| Mr. Lymi George | Ms. Megha Robert |
| Mrs. Gifty Thomas | Ms. Rittiya Tony |
| Ms. Siji C. M. | Mrs. Shithara Roy K. |
| Ms. Amitha E. Morries | Mrs. Akhila K. B. |
| Ms. Ashmi Augestian | Mrs. Anu Tony |
| Mrs. Aquila Thomas | Ms. Anila P. Francis |
| Ms. Benietta Thomas | Mrs. Delma K. K. |
| Mrs. Jisny E. V. | Sr. Jismi Jose |
| Sr. Blessy Therese (Blessy) | Sr. Santhi (Molly N. J.) |




ലഹരി വിമോചനത്തിന് ഊന്നൽ നൽകിയും മയക്കുമരുന്നുകളുടെ ഉപയോഗം പൂർണ്ണമായും ഇല്ലാതാക്കുവാനും, പുകയിലയുടെ ഉപയോഗം നിർത്തുവാനും ലക്ഷ്യമിട്ടാണ് ഈ സെന്ററിന് രൂപം നൽകിയിട്ടുള്ളത്. 2024 സെപ്റ്റംബർ 24നു TOBACCO FREE YOUTH CAMPAIGN 2 .0 ന്റെ ഭാഗമായി യൂണിയൻ മിനിസ്റ്റർ ശ്രീ. ജഗത് പ്രകാശ് നദ്ദയാണ് ഈ പുകവലി വിമോചന കേന്ദ്രം ഉദ്ഘാടനം ചെയ്തത്.

**നൽകി വരുന്ന സേവനങ്ങൾ**

1. സൈക്യാട്രിസ്റ്റ് കൺസൽട്ടേഷൻ.
2. സൈക്കോളജി / സൈക്യാട്രിക്ക് സോഷ്യൽ വർക്കർ സേവനങ്ങൾ
   A) വ്യക്തിഗത കൗൺസിലിങ്
   B) കുടുംബ കൗൺസിലിങ്
   C) ഗ്രൂപ്പ് തെറാപ്പി
   D) സാമൂഹിക പുനരധിവാസ പ്രവർത്തനങ്ങൾ
   E) ബോധവത്കരണ പ്രവർത്തനങ്ങൾ

ജൂബിലി മിഷൻ മെഡിക്കൽ കോളേജ് സെന്റ് തോമസ് ബ്ലോക്കിലെ ഗ്രൗണ്ട് ഫ്ളോറിൽ സൈക്യാട്രിക് ഒ.പി.യിലാണ് ഈ ക്ലിനിക് പ്രവർത്തിക്കുന്നത്. എല്ലാ ചൊവ്വാഴ്ചകളിലും ഉച്ചക്ക് 2 മണി മുതൽ 4 മണി വരെയാണ് ഈ സേവനങ്ങൾ ലഭ്യമാകുന്നത്.




എന്റെ അമ്മ ഡിസംബറിലാണ് ജൂബിലിയിൽ അഡ്മിറ്റ് ആകുന്നത്. എന്റെ അമ്മ ഗൈനക്കോളജി വിഭാഗത്തിലെ ഡോ. നീതയുടെ ട്രീറ്റ്മെന്റിലായിരുന്നു. ഹിസ്റ്ററെക്ടമിയ്ക്കു വേണ്ടിയാണ് അമ്മ അഡ്മിറ്റ് ആയത്. ഡോ. നീതയുടെ പെരുമാ

Together,
We are the
Patient Experience !

റ്റവും പേഷ്യൻസിനു നൽകുന്ന കെയറും സ്നേഹവും എടുത്തു പറയേണ്ടതാണ്. അവിടെ നിന്നു റൂമിലേക്കു മാറ്റിയതിനുശേഷമുള്ള നഴ്സുമാരുടെ പരിചരണവും സ്നേഹവും ശ്രദ്ധേയമാണ്. ജൂബിലിയെ പറ്റിയുള്ള എന്റെ ഫീഡ് ബാക്ക് വളരെ നല്ലതാണ്. അഡ്മിഷൻ മുതൽ ഡിസ്ചാർജ്ജ് വരെയുള്ള എല്ലാ കാര്യങ്ങളും റൂം ക്ലീനിങ്ങും വളരെ എടുത്തു പറയേണ്ട ഒന്നാണ്.



# തണുപ്പിക്കാം! ഈ ചൂടുകാലം!

രോഗങ്ങൾ തടയുന്നതിൽ ഭക്ഷണക്രമം ഒരു പ്രധാനപങ്കു വഹിക്കുന്നു. ആരോഗ്യകരമായ പാനീയങ്ങൾ ഇന്നത്തെ കാലഘട്ടത്തിൽ സാധാരണമാണ്. ആയുർവേദത്തിൽ ആരോഗ്യകരമായ, പോഷക സമൃദ്ധമായ പാനീയങ്ങളുടെയും ദ്രാവകങ്ങളുടെയും നിർമ്മാണത്തിന്റെ ശാസ്ത്രീയവശം കണ്ടെത്തേണ്ടത് ആവശ്യമാണ്. ഇത്തരം പാനീയങ്ങൾ തയ്യാറാക്കുന്നതിലൂടെ, നമ്മുടെ ശരീരത്തിന്റെ മെറ്റബോളിസം നിലനിർത്താനും മെച്ചപ്പെടുത്താനും കഴിയും.

വേനൽക്കാലത്തിനായി ആയുർവേദ പാരമ്പര്യങ്ങളിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് കുടിക്കാവുന്ന ചില ആരോഗ്യകരമായ പാനീയങ്ങൾ ചുവടെ ചേർക്കുന്നു:

**1. മോരിൻവെള്ളം**

ശരീരത്തെ തണുപ്പിക്കുന്ന ഉന്മേഷദായകവും പ്രോബയോട്ടിക്

സമ്പുഷ്ടവുമായ പാനീയമാണ് മോര്. ഇഞ്ചി, കറിവേപ്പില, ഉപ്പ്, ഉള്ളി എന്നിവ ചേർത്ത് കഴിക്കുന്നത് ദഹന ഗുണങ്ങൾ വർദ്ധിപ്പിക്കുന്നു.

**2. തേങ്ങ അടിസ്ഥാനമാക്കിയുള്ള പാൽ വിഭവം**

തേങ്ങ കഷണങ്ങൾ പാലിൽ പഞ്ചസാര ചേർത്ത് പാകം ചെയ്യുന്നത് വിശപ്പ് വർദ്ധിപ്പിക്കുകയും തണുപ്പ് നൽകുകയും ചെയ്യുന്ന ഒരു പോഷകസമൃദ്ധവും മധുരമുള്ളതുമായ പാനീയം സൃഷ്ടിക്കുന്നു.

**3. ലസ്സി**

മധുരമുള്ള തൈര്, പഞ്ചസാര, നെയ്യ്, കുരുമുളക്, തേൻ, ഏലം എന്നിവ ചേർത്ത് ഉണ്ടാക്കുന്ന പാനീയം നല്ല ഒരു ദാഹശമനിയാണ്.

**4. മാങ്ങാ ജ്യൂസ്**

പഴുക്കാത്ത മാമ്പഴം പാകം ചെയ്ത് അമർത്തിയാൽ അതിന്റെ നീര് ലഭിക്കും. പാൽ, പഞ്ചസാര, കുരുമുളക്, വെള്ളം എന്നിവയിൽ കലർത്തി ഉണ്ടാക്കുന്ന പാനീയം ദഹനം വർദ്ധിപ്പിക്കുകയും ആന്റിഓക്സിഡന്റ്സ് സമ്പുഷ്ടവുമാണ്.



**5. മാമ്പഴ ജ്യൂസ്**

പഴുത്ത മാമ്പഴ നീര്, പഞ്ചസാര, ഏലം, ഗ്രാമ്പൂ, ഇഞ്ചി എന്നിവയുമായി സംയോജിപ്പിക്കുമ്പോൾ വിശപ്പിനെ ഉത്തേജിപ്പിക്കുന്ന ഒരു പാനീയത്തെ സൃഷ്ടിക്കുന്നു.

**6. നാരങ്ങാവെള്ളം**

നാരങ്ങാനീര്, പഞ്ചസാര സിറപ്പ്, കുരുമുളക്, ഗ്രാമ്പൂ എന്നിവയുമായി

ചേർത്തുണ്ടാക്കുന്ന പാനീയം വിറ്റാമിൻ സി അടങ്ങിയതും ഉന്മേഷദായകവും ആണ്. ഇത് വിശപ്പ് ഉണ്ടാക്കുകയും ചെയ്യുന്നു.

**7. മുന്തിരി ജ്യൂസ്**

മുന്തിരി ആന്റിഓക്സിഡന്റ് ഗുണങ്ങളുള്ള മധുരമുള്ളതും കൊളസ്ട്രോൾ കുറയ്ക്കുന്നതുമായ പാനീയമാണ്. പൊട്ടാസ്യം സമ്പുഷ്ടമായ ഇത് രക്തത്തിലെ സന്തുലിതാവസ്ഥ നിലനിർത്താൻ സഹായിക്കുന്നു.

**8. സ്വാദു ത്രിഫല**

മുന്തിരി, ഈന്തപ്പഴം, മാതളനാരങ്ങ എന്നിവ സംയോജിപ്പിച്ച് സ്വാദു ത്രിഫല എന്നറിയപ്പെടുന്ന പാനീയം മുന്തിരിയുടെ സ്വാഭാവിക ആരോഗ്യ ഗുണങ്ങൾ പ്രദർശിപ്പിക്കുന്നു. എല്ലാവർക്കും ഗുണം ചെയ്യുന്ന പ്രകൃതിദത്തമായി ആരോഗ്യകരവും പോഷകസമൃദ്ധവുമായ പഴങ്ങളിൽ ഒന്നായി മുന്തിരി കണക്കാക്കപ്പെടുന്നു. ഈ പാനീയങ്ങൾ തണുപ്പിക്കൽ, ദഹനം, ആന്റിഓക്സിഡന്റ്, രസായന ഗുണങ്ങൾ എന്നിവയുൾപ്പെടെ വിവിധ ആരോഗ്യ ഗുണങ്ങൾ വാഗ്ദാനം ചെയ്യുന്നു.

**9. നെല്ലിക്ക ജ്യൂസ്**

നെല്ലിക്ക (എം.ബ്ലിക്ക ഓഫീസിനാലിസ്) ഏറ്റവും മികച്ച രസായന ദ്രവ്യങ്ങളിൽ ഒന്നായി കണക്കാക്കപ്പെടുന്നു. നെല്ലിക്കയിൽ നിന്ന് തയ്യാറാക്കുന്ന ജ്യൂസ് വിറ്റാമിൻ സിയുടെ മികച്ച ഉറവിടമാണ്, ഇത് അമിതമായ ദാഹം ശമിപ്പിക്കാൻ സഹായിക്കുന്നു. ആയുർവേദത്തിലെ ശാസ്ത്രീയ പഠനങ്ങൾ അതിന്റെ രസായന ചികിത്സാ ഗുണങ്ങൾ കാരണം വാർദ്ധക്യത്തിന് എതിരായുള്ള നെല്ലിക്കയുടെ പ്രതിരോധ ഫലപ്രാപ്തി തെളിയിച്ചിട്ടുണ്ട്. ദിവസവും നെല്ലിക്ക കഴിക്കുന്നത് ദീർഘവും ആരോഗ്യകരവുമായ ജീവിതത്തിന് കാരണമാകും.

ദൈനംദിന ജീവിതത്തിൽ ഉൾപ്പെടുത്താൻ കഴിയുന്ന എളുപ്പത്തിൽ തയ്യാറാക്കാവുന്ന ഈ ആരോഗ്യ പാനീയങ്ങൾ അവയുടെ ആരോഗ്യ ഗുണങ്ങൾ മനസ്സിലാക്കുന്നതിനും ആരോഗ്യകരമായ ജീവിതം നയിക്കാനും നമ്മെ പ്രാപ്തരാക്കുന്നു.

**ഡോ. സി. നീത എബ്രഹാം SABS**
ജൂബിലി ആയുർവേദ മിഷൻ ഹോസ്പിറ്റൽ & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

Editorial Board
Rev. Fr. Dr. Demin Tharayil | Dr. Benny Joseph | Dr. Aswath Kumar R
Mr. Noble Thomas | Adv. Justin C J | Mr. Baby P A | Ms. Rakhi K B
Ms. Manisha A N | Mr. Joshi Paul


“അവന്റെ മേലുള്ള ശിക്ഷ
നമുക്കു രക്ഷ നൽകി;
അവന്റെ ക്ഷതങ്ങളാൽ
നാം സൗഖ്യം പ്രാപിച്ചു.”
(ഏശയ്യാ 53:5)
Service With Love
JUBILEE MISSION
MEDICAL COLLEGE & RESEARCH INSTITUTE